# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4041 — 16-05-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റ്റി.വി. രാജേഷ്**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. എസ്.ശർമ്മ**<br>**ശ്രീ. ബി.ഡി. ദേവസ്സി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
| (എ) | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട പരിപാലനം)-പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെട്ടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ നീർത്തട പരിപാലന പദ്ധതിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. മണ്ണുജലസംരക്ഷണ പ്രവൃത്തികളായ മണ്ണുകയ്യാല, കല്ലു കയ്യാല, മഴക്കുഴികൾ, കോണ്ടൂർ ട്രെൻഞ്ചിംഗ്, Bench Terracing മുതലായവയുടെ നിർമ്മാണം<br>2. തരിശുഭൂമി കൃഷിക്കുപയുക്തമാക്കൽ<br>3. മഴവെള്ള സംഭരണ മാർഗ്ഗങ്ങളായ ചെക്ക് ഡാം, കുളങ്ങൾ, നീരുറവ, കിണർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണി തുടങ്ങിയവയുടെ നിർമ്മാണവും പുനരുദ്ധാരണവും<br>4. ജലനിർഗ്ഗമന മാർഗ്ഗങ്ങളായ തോടുകളുടെ സംരക്ഷണം<br>5. ഉല്പാദന വർദ്ധനവിനായിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ<br>6. കൃഷിയുമായി ബന്ധപ്പെട്ട ചെറുകിട സംരംഭങ്ങൾക്കുള്ള ധനസഹായം<br>7. ജീവനോപാധിക്കുവേണ്ടിയുള്ള റിവോൾവിംഗ് ഫണ്ട് |
| (ബി) | ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനായി എത്ര കോടി രൂപ ആവശ്യമാണെന്നും പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും എത്ര കോടി രൂപ ലഭ്യമായിട്ടുണ്ടെന്നും അറിയിക്കാമോ; | (സി) | ഈ പദ്ധതി ആരംഭിച്ച 2010-11 മുതൽ 2014-15 വരെ 581.61 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷംവരെ ആകെ 78.418 കോടി രൂപയാണ് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായത്. |
| (ഡി) | കേന്ദ്ര സർക്കാർ ഈ പദ്ധതിയ്ക്കായുള്ള വിഹിതം വെട്ടിക്കുറച്ചത് ഈ പദ്ധതി പ്രകാരമുള്ള വിവിധ പ്രവർത്തനങ്ങളെ എങ്ങനെയെല്ലാം ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാർ പദ്ധതി വിഹിതം വെട്ടിക്കുറച്ചതിനാൽ ആനുപാതികമായി നൽകേണ്ട സംസ്ഥാന വിഹിതം അനുവദിക്കാനായില്ല. ആയതിനാൽ സമയബന്ധിതമായി നടപ്പിലാക്കേണ്ട പല പ്രവർത്തനങ്ങളും നടപ്പിലാക്കാൻ സാധിച്ചില്ല. ഇത് പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**